TIMBER—GRANT OF

409. മിസ്റ്റർ കെ. എ. രാഘവൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) ചീഫ് ജസ്റ്റീസ് മിസ്റ്റർ കൃഷ്ണസ്വാമി അയ്യങ്കാക്ക ഗവൺമെണ്ട ഡിപ്പോവിൽ നിന്നും ൧൦൦ കണ്ടി തേക്ക സൌജന്യമായി നൽകപ്പെട്ടകയുണ്ടായിട്ടുണ്ടോ;

(ബി) എന്താവശ്യത്തിലേക്കാണ് ഈ സൌജന്യം നൽകപ്പെട്ടത്;

(സി) വീട്ട പണിക്കാണെങ്കിൽ കൊച്ചിയിൽ പണിയുന്നതിനൊ കൊച്ചീക്ക വെളിയിൽ പണിയുന്നതിനൊ;

(ഡി) ഗവൺമെണ്ട നിരക്കിൽ വില കൊടുക്കുമെന്നുവെച്ചാൽ ആക്കും തേക്കുതടി നൽകുത്തക്കവണ്ണം ഗവൺമെണ്ട ഡിപ്പോവുകളിൽ അവ സ്റ്റോക്കുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) ഇല്ല.

(ബി) ഏ-ക്കുള്ള ഉത്തരംകൊണ്ട് ഇതിനു ഉത്തരം ആവശ്യമില്ല.

(സി) എ-ക്കുള്ള ഉത്തരംകൊണ്ട് ഇതിനു ഉത്തരം ആവശ്യമില്ല.

(ഡി) സ്റ്റോക്ക് അന്വേഷിച്ചു കൊടുക്കപ്പെടും.

EXECUTIVE ENGINEERS—APPOINTMENT OF

410. Mr. P. Kumaran Ezhuthassan *(Vadakkancheri):* Will Government be pleased to state.—

(*a*) when was the idea of having Executive Engineers in the State conceived by the Government and when the decision to have them made;

(*b*) has the expenditure in connection with the appointment of Executive Engineers and their staff been included in the Budget for 1122;

(*c*) if the answer to (*b*) is in the negative how was the expenditure in this behalf met for the year 1122;

(*d*) has the sanction of the Council been obtained for this expenditure and if so; when;

(*e*) how many Executive Engineers were at first appointed; what is their number at the end of 1122;

(*f*) what is the qualification prescribed for an Executive Engineer?

Rao Sahib K. Ayyappan *(Minister for Public Works):*

(*a*) The Chief Engineer submitted a proposal to Government for creation of Executive Engineers' posts on 20th June 1946. The orders creating the posts of the Executive Engineers were issued on 15th August 1946.

(*b*) No.

(*c*) The expenditure is being met from the allotment sanctioned for the P.W.D. under establishment charges for the year 1122.

(*d*) Yes. In this Session.

(*e*) 4. 3 Executive Engineers for P.W.D. and 1 for Poringalkuthu Hydro-Electric construction works.

4 Executive Engineers for P.W.D. and 2 for Poringalkuthu Hydro-Electric construction works.

(*f*) Degree in Engineering.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know, Sir, whether anyone of these 6 Executive Engineers now functioning is without the degree qualifications mentioned in *(f)*?

റാവു സാഹിബ് കെ. അയ്യപ്പൻ: രണ്ട പേരുണ്ട്.

Mr. P. Kumaran Ezhuthassan *(Vadakkancheri):* How is it Sir, that such men are entertained when a qualification is laid down, How is that two persons are entertained who have not got the prscribed qualification?

റാവു സാഹിബ് കെ. അയ്യപ്പൻ: അതിൽ ഒരാൾ വളരെ എക്സ്പീരിയൻസുള്ള ആളാണ്. ഫോറിൻ എക്സ്പീരിയൻസും അദ്ദേഹത്തിനുണ്ട്. ചീഫ് എൻജിനീയർ ശിപാർശ ചെയ്തതനുസരിച്ചാണ് ആ ആളെ വെച്ചത്? അതു കൂടാതെ പല ഡിപ്ലോമയും ഉണ്ട്. ഇതിനുമുള്ള നിയമമനുസരിച്ച് എക്സിക്യൂട്ടീവ് എൻജിനീയരുടെ പോസ്റ്റ് കിട്ടുന്നതിന് ആ ഡിപ്ലോമ മതി. ആ ആൾ ഇന്നത്തെ നിയമത്തിൽനിന്ന് ഒഴിവാക്കണമെന്ന് പറഞ്ഞ അപേക്ഷ അയച്ചതനുസരിച്ച് അപ്രകാരം ചെയ്തുവെന്നു മാത്രമേയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly